(ബി & സി) കമ്പനിയിൽ ഉൽപ്പാദിപ്പിക്കാവുന്ന മരുന്നുകൾക്ക് ആവശ്യമായ ഓർഡറുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കാത്തതും വിപണനം നടത്തിയ മരുന്നുകളുടെ വില യഥാസമയം ലഭിക്കാത്തതുമാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. എന്നാൽ സർക്കാരിന്റെ ഇടപെടൽമൂലം പ്രതിസന്ധി ഏറെക്കുറെ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ കമ്പനിക്ക് അയൽ സംസ്ഥാന സർക്കാരുകളിൽനിന്ന് ഓർഡറുകൾ ലഭ്യമാകുന്നതുകൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഏക ഔഷധ നിർമ്മാണ കമ്പനിയായ ആലപ്പുഴ ജില്ലയിലെല കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിന് ആവശ്യമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സർക്കാർ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്. 28-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായ, ആരോഗ്യ വകുപ്പ മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നതതലയോഗം അലോപ്പതി മരുന്നുകളുടെ വിലവർദ്ധനവ് നേരിടുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകൾ ന്യായവിലയ്ക്ക് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി കമ്പനിക്ക് 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കമ്പനിയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായുള്ള എൻ.എ.ബി.എൽ. അക്രഡിറ്റ് ലബോറട്ടറി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പംതന്നെ ബീറ്റാലാക്ടം കുത്തിവെയ്പ്പ് മരുന്നുകളുടെ ഉത്പാദനം ആരംഭിക്കുന്നതിനുമുള്ള നടപടികളും പുരോഗമിക്കുകയാണ്.

അയഡിൻ സമൃദ്ധിമൂലം ഉണ്ടാകുന്ന രോഗങ്ങൾ

2 (667) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയഡിൻ സമൃദ്ധിമൂലം ഉണ്ടാകുന്ന ഹൈപ്പോ തൈറോയ്ഡിസം ബാധിച്ച രോഗികളുടെയും ഇതുമൂലമുണ്ടാകുന്ന അർബുദ രോഗികളുടെയും എണ്ണം കൂടിവരുന്നതായുള്ള പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അയഡൈസ്ഡ് ഉപ്പിന്റെ ഉപയോഗം തീരദേശ സംസ്ഥാനമായ തിനാൽ നമ്മുടെ ജനങ്ങൾക്ക് ആവശ്യമാണോ എന്നത് മനസ്സിലാക്കുന്നതിന് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ മേഖലയിൽ ആവശ്യമായ പഠനങ്ങൾ നടത്തി ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പഠനം നടത്തിയിട്ടില്ല. പഠനം നടത്താൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളുടെ പ്രവർത്തനപുരോഗതി

3 (668) ശ്രീ. റ്റി. യു. കരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിനുകീഴിൽ പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

സർക്കാർ മേഖലയിൽ ജി.എച്ച്. കാമ്പസ്, തിരുവനന്തപുരം, കോന്നി (പത്തനംതിട്ട), ഹരിപ്പാട് (ആലപ്പുഴ), വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പുതുതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൊല്ലം പാരിപ്പള്ളിയിലുള്ള ഇ.എസ്.ഐ.സി. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ് കോന്നി, പത്തനംതിട്ട

24-3-2012-ലെ ജി.ഒ.(എംഎസ്.)നമ്പർ98/12/ആ.ക.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജിനോട് 6-6-2015-ലെ ജി.ഒ.(ആർ. റ്റി.) നമ്പർ 1710/15/ആ.ക.വ. നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജനറലാശുപത്രി കൂടിച്ചേർത്ത് ഉത്തരവായിട്ടുണ്ട്. 28-2-2015-ലെ

LIBRARY ARCHIVES Kerala Legislative Assembly